PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Wednesday, *the 1st November 1950*

VOL. II] OFFICIAL REPORT [No. 11

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock, on Wednesday, the 1st November 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the list of admitted questions for the day.)

Oral Answers

പ്രിസൈഡിംഗ് ഓഫീസറന്മാർ

*൪൪൭. (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) നീതിന്യായകോടതികളിലെ പ്രിസൈഡിംഗ് ഓഫീസർമാക്കു് പ്രമോഷൻ നൽകുന്നതു് ഏതു മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണു്?

(ബി) അവർ ചെയ്യുന്ന ജോലിയുടെ കപ്പാളിറ്റി നിശ്ചയിക്കുന്നതിനു് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) നീതിന്യായക്കോടതികളിൽ പ്രിസൈഡിംഗ് ഓഫീസറന്മാക്കു പ്രമോഷൻ കൊടുക്കുന്നതു സീനിയോറിറ്റിയും കാര്യക്ഷമതയും നോക്കിയാണു്.

(ബി) അവർ ചെയ്യുന്ന ജോലിയുടെ കപ്പാളിറ്റി നിശ്ചയിക്കുന്നതു ഹൈക്കോടതി അതിന്റെ സാധാരണ മേൽനോട്ടാധികാരം വിനിയോഗിച്ചാണു്.

ശ്രീ. പി. നാണു: മേൽനോട്ടാധികാരം ഉപയോഗിച്ചു് അവരുടെ കാര്യക്ഷമത നിശ്ചയിക്കുന്നതിനുള്ള തോതെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു അവർ കേസുകൾ ഡിസ്പോസു ചെയ്യുന്ന രീതിയും മറ്റു പ്രവർത്തനങ്ങളിൽ കാണിക്കുന്ന കാര്യക്ഷമതയും ആയിരിക്കണം.

ശ്രീ. പി. നാണു: അവർ ചെയ്യുന്ന ജോലിയുടെ വലിപ്പം മാത്രം നോക്കിയാണോ കാര്യക്ഷമത നിശ്ചയിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വലിപ്പം മാത്രം ആയിരിക്കയില്ല, ചെയ്യുന്ന ജോലിയുടെ കപ്പാളിറ്റിയും പരിഗണിക്കുന്നതാണു്.

ശ്രീ. പി. നാണു: കപ്പാളിറ്റി നിശ്ചയിക്കുന്നതിനു് എന്തെങ്കിലും സ്ഥിതിവിവരക്കണക്കുകൾ ഹൈക്കോടതിയിൽ ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള. വേണ്ട വിവരങ്ങൾ ഹൈക്കോടതി സൂക്ഷിക്കുന്നുണ്ടെന്നാണു് അറിവു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. വഞ്ചീസ്: മിനിമം ഡിസ്പോസിൽസ് എത്രയാണെന്നു് വല്ല നിശ്ചയമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഹൈക്കോടതിയിൽ അതിന്റെ കാട്ടർലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെന്നാണ് അറിവ്.

ശ്രീ. ഈപ്പൻ അറക്കൽ: പ്രീസൈഡിംഗ് ആഫീസറന്മാർ എഴുതുന്ന ജഡ്ജിമെന്റുകളിലും ഉത്തരവുകളിലും ഭ്രരിഭാഗവും അസ്ഥിരപ്പെട്ടുപോകുകയാണെങ്കിൽ അതൊരു അയോഗ്യതയായി കണക്കാക്കുന്നുണ്ടോ?

Mr. Speaker : The Hon'ble Member may draw his down inference in so far as an answer has already been given that quality of the work will also be taken into consideration.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഫയലിൽ കേസുകൾ കുറവു വരുത്തണമെന്ന ഉദ്ദേശത്തോടുകൂടി പ്രീസൈഡിംഗ് ആഫീസറന്മാർ കേസുകൾ തീർച്ചു ചെയ്യുവരുന്നു എന്നറിയാമോ?

Mr. Speaker : That is supplying information.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മിനിമം ഡിസ്പോസൽസ് നിശ്ചയമുള്ളതുകൊണ്ട് ആ വ്യവസ്ഥ പാലിക്കുന്നതിനുവേണ്ടി തീർപ്പുകളുടെ കാളിറിയിൽ പലപ്പോഴും ശ്രദ്ധിക്കാറില്ലെന്നറിയാമോ?

Mr. Speaker : Order, order. That is not a request for information.

ശ്രീ. വി. കെ. വഞ്ചീസ്: കായ്ക്ഷമതയാണ് പ്രധാനം മാനദണ്ഡം എന്നു പറയുകയുണ്ടായി. സമുദായപ്രാതിനിധ്യംകൂടി ശ്രദ്ധിക്കാറില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ജുഡീഷ്യറിയിൽ അതുണ്ടെന്നു തോന്നുന്നില്ല.

Sri. M. Bhaskara Menon: Are Magistrates liable to be barred?

Sri. T. K. Narayana Pillai: I claim notice.

ശ്രീ. ഈപ്പൻ അറക്കൽ: തീർച്ചചെയ്ത കേസുകളിൽ എത്ര തീർപ്പുകൾ അസ്ഥിരപ്പെട്ടുപോകുന്നു എന്നും എത്ര തീർപ്പുകൾ അസ്ഥിരപ്പെടാത്തവയുണ്ടെന്നും വല്ല കണക്കുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകം ചോദ്യമയച്ചാൽ ഉത്തരം പറയാം.

BLACK MARKET CASES

*558. [2] **Sri. N. D. Jose:** Will the Hon'ble the Chief Minister be pleased to state the number of case charged for Blackmarketting since the integration of Travancore and Cochin and the number of cases convicted so far?

Chief Minister (**Sri. T. K. Narayana Pillai**): The number of cases charged for blackmarketting since the integration of Travancore and Cochin is 171, and 42 cases have been convicted.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിൽ തിരുവിതാംകൂറിലുള്ളവ എത്രയെന്നും കൊച്ചിയിലുള്ളവ എത്രയെന്നും പ്രത്യേകം പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: എല്ലാംകൂടി ചേർത്താണ് ഇപ്പോൾ പറഞ്ഞതു്.

Sri. M. Bhaskara Menon : How many cases have come to the notice of Government?

Sri. T. K. Narayana Pillai: Information is available that there are convictions in 42 cases.

LIBRARY ARCHIVES Kerala Legislative Assembly